കാസർഗോഡ് ജില്ലയിലെ ടൂറിസം - വികസന പ്രവർത്തനങ്ങൾ

301(4588) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ നടത്തിയ ടൂറിസം വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ടൂറിസം വികസനത്തിന് ധാരാളം സാധ്യതകൾ ഉള്ള കാസർഗോഡ് നെല്ലിക്കുന്ന് ബീച്ചിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെല്ലിക്കുന്ന്- ബീച്ച്റോഡ് ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് പുനർനിർമ്മാണം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ; ടൂറിസ്റ്റുകൾ ബീച്ചിലേക്കു കടന്നു പോകുന്ന വഴി എന്ന നിലയിൽ ഈ റോഡിൽ ടൂറിസം വകുപ്പ് എന്തെങ്കിലും പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ നടത്തിവരുന്ന ടൂറിസം വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 50 ലക്ഷം രൂപ ടൂറിസം വികസനത്തിനായി അനുവദിക്കുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കിൽ കെ.ടി.ഡി.സി. വുഡൻ കോട്ടേജ്

302 (4589) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കിൽ കെ.ടി.ഡി.സി. വുഡൻ കോട്ടേജ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര വുഡൻ കോട്ടേജ് നിർമ്മിക്കാനാണ് ഉദ്ദേശിച്ചതെന്നും, ആയതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തീകരിച്ചെന്നും, ആയതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പണി പൂർത്തീകരിച്ച വുഡൺ കോട്ടേജുകൾ ടൂറിസ്റ്റുകൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ടി.ഡി.സി. 20 കോട്ടേജുകളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കിറ്റ്കോ എന്ന സ്ഥാപനത്തിനെയാണ് ഇതിന്റെ നിർമ്മാണവും മേൽനോട്ടവും ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ 6 കോട്ടേജുകൾ പൂർത്തിയായി വരുന്നു. ഇതുവരെ ഇതിനായി 1 കോടി 10 ലക്ഷം രൂപ ചെലവഴിച്ചു.

(സി) പണി പൂർത്തിയാകാത്തതുകൊണ്ട് കോട്ടേജുകൾ ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുക്കാനായിട്ടില്ല. ഇപ്പോൾ 6 കോട്ടേജുകൾ പൂർത്തിയായി വരുന്നു. റിസപ്ഷൻ, റെസ്റ്റോറന്റ്, കിച്ചൻ തുടങ്ങിയവയുടെ പണിയും അവസാന ഘട്ടത്തിലാണ്. പണി പൂർത്തിയായാലുടൻ ഇതിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

കന്തിപ്പുഴ ടൂറിസം പദ്ധതി

303(4590) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ തിരുവേഗപ്പാറ പഞ്ചായത്തിലെ കന്തിപ്പുഴയുടെ തീരത്ത് ടൂറിസം പ്രോജക്ട് ആരംഭിക്കുന്നതിന് പാലക്കാട് ഡി.റ്റി.പി.സി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ടൂറിസം പദ്ധതിക്ക് ഉടൻ അനുമതി നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ടൂറിസം സാധ്യത വിലയിരുത്തിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly